**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 839** **30-06-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | സംസ്ഥാനത്ത് നിലവിൽ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കാൻ ഭൂരഹിത പുനരധിവാസ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ഗ്രാമ പ്രദേശത്ത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും മുൻസിപ്പൽ പ്രദേശത്ത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4.50 ലക്ഷം രൂപയും കോർപ്പറേഷൻ പരിധിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും വകുപ്പ് അനുവദിച്ചുവരുന്നു. നിലവിൽ ലൈഫ് മിഷൻ തയ്യാറാക്കുന്ന ലൈഫ് ലിസ്റ്റിൽ നിന്നുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുവരുന്നത്. 2021-22 സാമ്പത്തിക വർഷം 1,58,60,64,611/- രൂപ ചെലവഴിച്ച് 4020 കുടുംബങ്ങൾക്ക് ഭൂമിയുടെ ധനസഹായം അനുവദിച്ചു.<br><br>2022-23 ൽ 5000 പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനായി ഭൗതിക ലക്ഷ്യം കണക്കാക്കി പദ്ധതി നിർവ്വഹണത്തിനായി 180 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്തുവരുന്നു. കൂടാതെ വനാവകാശ നിയമ പ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖയും നൽകുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 126 പേർക്ക് 21.54 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വിവിധ ജില്ലകളിലായി 21.2 ഏക്കർ ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയത് വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ 109.259 ഹെക്ടർ ഭൂമി സർവ്വേ ചെയ്ത് 1254 പ്ലോട്ടുകളായി തരംതിരിച്ചിട്ടുണ്ട്. ആയത് ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനാവകാശ നിയമം 2006 പ്രകാരം 435 പേർക്ക് 782 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ